ശ്രീ. പി. രാജു :

ശ്രീ. യു.എസ്. ശശി :

ശ്രീ. പി. നാരായണൻ :

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ അഴിമതി, ക്രമക്കേടുകൾ എന്നിവയെക്കുറിച്ച് ലഭിക്കുന്ന പരാതികളെക്കുറിച്ച് അന്വേഷിക്കുന്നതിന് വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ സെല്ലുകളുടെ പ്രവർത്തനം എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സെല്ലുകൾ രൂപീകരിച്ചതിനുശേഷം ഓരോ സെല്ലിലും എത്ര പരാതികൾ വീതം ലഭിച്ചു; ഈ പരാതികളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര പേർക്കെതിരെയാണ് നടപടികളെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) രൂപീകരിച്ചിട്ടുണ്ട്. 1996 ഡിസംബർ മാസം മുതൽക്കാണ് പ്രവർത്തനം ആരംഭിച്ചത്.

(ബി) ഉത്തരമേഖല വിജിലൻസ് സെല്ലിൽ 1999 മാർച്ച് 31 വരെ 310 പരാതികളും ദക്ഷിണമേഖലാ വിജിലൻസ് സെല്ലിൽ 1999 മാർച്ച് 31 വരെ 447 പരാതികളും ലഭിച്ചിട്ടുണ്ട്. ഉത്തരമേഖല വിജിലൻസ് സെല്ലിൽ ലഭിച്ച 310 പരാതികളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് 178 കേസ്സുകളിലും റിപ്പോർട്ട് സമർപ്പിക്കുവാനുള്ളത് 122 കേസ്സുകളിലുമാണ്. അതുപോലെ ദക്ഷിണമേഖലാ വിജിലൻസ് സെല്ലിൽ 31.3.99 വരെ ലഭിച്ച 447 പരാതികളിൽ 229 കേസ്സുകളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 218 കേസ്സുകളിൽ റിപ്പോർട്ട് സമർപ്പിക്കുവാനുണ്ട്. ആരോപണത്തിന് വിധേയരായവരിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുള്ള കേസ്സുകളിൽ സസ്പെൻഷൻ, സ്ഥലംമാറ്റം, അച്ചടക്ക നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്.

(സി) തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർ, വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റ്, യു.ഡി. ക്ലാർക്ക്, എൽ.ഡി. ക്ലാർക്ക്, വില്ലേജ്മാൻ, പ്യൂൺ എന്നീ തസ്തികയിലുള്ളവരുടെ പേരിലുള്ള ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടുള്ള കേസ്സുകളിൽ 12 പേരെ സസ്പെന്റ് ചെയ്യുകയും 60 പേർക്ക് പ്രധാനമല്ലാത്ത തസ്തികകളിലേയ്ക്ക് സ്ഥലംമാറ്റം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി റിപ്പോർട്ടിൻമേൽ നടപടി വിവിധ ഘട്ടത്തിലാണ്.

8 (*315) വീട്ടുകരം കണക്കാക്കുന്നതിന് പുതിയ സംവിധാനം

ശ്രീമതി എൻ.കെ. രാധ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. പി. വിശ്വൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വീട്ടുകരം കണക്കാക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വീടുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന അർദ്ധ വാർഷിക കരം അശാസ്ത്രീയമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് ശാസ്ത്രീയരീതിയിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് വീട്ടുകരം മേഖല തിരിച്ച് നിർണ്ണയിക്കുന്ന രീതിയ്ക്ക് അന്തിമരൂപമായിട്ടുണ്ടോ;

(എഫ്) വീട്ടുകരം ശാസ്ത്രീയമാക്കാനും മേഖല തിരിച്ച് കരം നിശ്ചയിക്കാനും ഇതര സംസ്ഥാനങ്ങളിൽ നിലവിലുള്ള സംവിധാനം എന്തെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ വീട്ടുകരം കണക്കാക്കുന്നത് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്.

(ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേഗഗതി) ആക്ട്. 1994 -ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കെട്ടിടം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ തരം, ഉപയോഗരീതി, തറ വിസ്തീർണ്ണം എന്നിവ മാനദണ്ഡമാക്കിക്കൊണ്ട് കെട്ടിടത്തിന്റെയും അതോടു തൊട്ടുകിടക്കുന്ന സ്ഥലത്തിന്റെയും വാർഷിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക സംരക്ഷണ ചെലവ് കുറച്ച് ബാക്കി തുകയുടെ നിശ്ചിത ശതമാനം (കൗൺസിൽ/കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിൽ) വസ്തുനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വീടുകൾക്ക് ഏർപ്പെടുത്തിയിരുന്ന നികുതി നിർണ്ണയത്തിനുള്ള മാനദണ്ഡത്തിലെ പോരായ്മകൾ കണക്കിലെടുത്താണ് കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്ത് രാജ് ആക്ടിലും 1999-ൽ ഭേദഗതി വരുത്തിയത്.

(ഡി) വസ്തു നികുതി ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങളിലെ പോരായ്മകൾ കണക്കിലെടുത്ത് കേരള മുനിസിപ്പാലിറ്റി ആക്ടിലും, കേരള പഞ്ചായത്ത് രാജ് ആക്ടിലും ആവശ്യമായ ഭേദഗതി വരുത്തിക്കഴിഞ്ഞു. ഇതിനനുസൃതമായ ഭേദഗതി ബന്ധപ്പെട്ട ചട്ടങ്ങളിലും വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) ഉണ്ട്. ഇതിലേയ്ക്കായി സർക്കാർ ഉദ്യോഗസ്ഥൻമാരെ ചെന്നൈ, ബാംഗ്ലൂർ, അഹമ്മദാബാദ് എന്നിവിടങ്ങളിൽ അയച്ച് അവിടത്തെ നികുതി നിർണ്ണയ രീതിയെക്കുറിച്ച് പഠനം നടത്തിയിരുന്നു.

(ജി) വസ്തുനികുതി കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളിലെ പോരായ്മകൾ ഒഴിവാക്കി നികുതി നിർണ്ണയിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly